# പതിനഞ്ചാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

# സഭാദ്ധ്യക്ഷന്റെ പ്രധാന തീരുമാനങ്ങൾ

## (2021 ജൂലൈ 22 മുതൽ - 2021 ആഗസ്റ്റ് 13 വരെ)

നിയമസഭാദ്ധ്യക്ഷൻ
**ശ്രീ. എം. ബി. രാജേഷ്**

**കേരള നിയമസഭാ സെക്രട്ടേറിയറ്റ്**
**(എഡിറ്റിംഗ് ബ്രാഞ്ച്)**
**തിരുവനന്തപുരം**

## (1) നിയമസഭാ ചട്ടലംഘനം

2021 ജൂലൈ 22-ാം തീയതി റിപ്പോർട്ട് സമർപ്പണത്തിനുശേഷം, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റികളുടെ റിപ്പോർട്ട് സഭയിൽ സമർപ്പിച്ച ദിവസംതന്നെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ച നടത്തുന്നത് നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 143(1)-ന്റെ ലംഘനമാണെന്ന് പ്രതിപക്ഷനേതാവ് ഒരു ക്രമപ്രശ്നം ഉന്നയിച്ചു.

ബലിപെരുന്നാൾ പ്രമാണിച്ച് 21-07-2021-ന് ആരംഭിക്കേണ്ടിയിരുന്ന സഭാസമ്മേളനം 22-ാം തീയതിയിലേയ്ക്ക് മാറ്റിയ സാഹചര്യത്തിലാണ് റിപ്പോർട്ട് സമർപ്പണവും ചർച്ചയും ഒരേ ദിവസം നടത്തേണ്ടിവന്നതെന്ന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നോക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി വ്യക്തമാക്കി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുംപ്രകാരം റൂളിംഗ് നൽകി +.

"പതിനഞ്ചാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിന്റെ പ്രാരംഭ

+ XVKLA/II Session Vol.185 Report No.1 dated 22-07-2021

ദിവസമായ 22-07-2021-നാണ് 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന പൂർത്തീകരിച്ച് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നത്. ചട്ടം 143(1)-ലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് സബ്ജക്ട് കമ്മിറ്റി സൂക്ഷ്മ പരിശോധനാ റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നതിന്റെ അടുത്ത ദിവസമാണ് കീഴ്വഴക്കപ്രകാരം ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും നടത്തുന്നത്. ബലിപ്പെരുനാൾ ദിനം മാറിവന്ന സാഹചര്യത്തിലാണ് കലണ്ടറിൽ മാറ്റം വരുത്തി 22-07-2021-ന് സഭ ചേരാൻ തീരുമാനിച്ചത്. കോവിഡ് പശ്ചാത്തലം നിലനിൽക്കുന്നതിനാൽ സമ്മേളന ദിനത്തിൽ മാറ്റം വരുത്താൻ സാധിക്കുകയില്ല. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്ന അതേ ദിവസംതന്നെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ച ആരംഭിച്ച സന്ദർഭങ്ങളുമുണ്ടായിട്ടുണ്ട്. നിലവിലെ പ്രത്യേക സാഹചര്യം പരിഗണിച്ച് സൂക്ഷ്മപരിശോധനാ റിപ്പോർട്ട് പഠിക്കുന്നതിന് പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പുകൾ ഇന്ന് രാവിലെതന്നെ ബഹുമാനപ്പെട്ട അംഗങ്ങളുടെ ഇരിപ്പിടങ്ങളിൽ ലഭ്യമാക്കിയിട്ടുണ്ട്.”

(2) <u>ചട്ടവിരുദ്ധമായി ഉത്തരവിറക്കിയത് സംബന്ധിച്ച്</u>

2021 ജൂലൈ 28-ാം തീയതി സബ്മിഷനുശേഷം, 1964-ലെ ഭൂപതിവ് ചട്ടത്തിന്റെ വ്യവസ്ഥകൾക്ക് വിരുദ്ധമായി നടപടിക്രമം പാലിക്കാതെ ചട്ടം ഭേദഗതി ചെയ്യുന്നത് റൂൾ 166-ന്റെ ലംഘനമാണെന്നും 2020 ഒക്ടോബർ 24-ലെ ഉത്തരവിൽ 2005-ലെ മരംമുറിയുമായി ബന്ധപ്പെട്ട നിയമത്തിലെ 6-ാം വകുപ്പിന്റെ ലംഘനമാണ് നടന്നിട്ടുള്ളതെന്നും പ്രസ്തുത വകുപ്പിലെ ആദ്യഭാഗം കർഷകർക്ക് അവരുടെ പറമ്പിൽ പട്ടയം കിട്ടിയതിനുശേഷം മുളച്ചതും പിന്നീട് നട്ടുവളർത്തിയതുമായ ചന്ദനമൊഴിച്ചുള്ള മരങ്ങൾ മുറിക്കാമെന്നും രണ്ടാമത്തെ ഭാഗം ഗവൺമെന്റ് പട്ടയം നൽകുമ്പോൾ ആ ഭൂമിയിൽ ഉണ്ടായിരുന്ന മരങ്ങൾ മുറിക്കാൻ പാടില്ലെന്നുമാണെന്നും മരംമുറിക്കാൻ ലൈസൻസ് കൊടുക്കുന്നതിന് 6-ാം വകുപ്പിന്റെ രണ്ടാം ഭാഗം ഉത്തരവിൽനിന്ന് ഒഴിവാക്കിയത് ആക്ടിന്റെ ലംഘനമാണെന്നും പ്രതിപക്ഷനേതാവ് ക്രമപ്രശ്നം ഉന്നയിച്ചു.

1964-ലെ ഭൂപതിവ് ചട്ടപ്രകാരം കർഷകർക്ക് പതിച്ചുകൊടുത്ത ഭൂമിയിൽ അവർ നട്ടുവളർത്തിയതോ കിളിർത്തു വളർന്നതോ പണമടച്ച് റിസർവ് ചെയ്തതോ ആയ വൃക്ഷങ്ങളുടെ അവകാശം കർഷകർക്ക് തന്നെയാണെന്നും വിജ്ഞാപനം ചെയ്യാത്ത വനേതര പ്രദേശത്ത് നിൽക്കുന്ന

ചന്ദനം ഒഴികെയുള്ള മരങ്ങൾ മുറിച്ചുമാറ്റാൻ ഉടമസ്ഥന് അവകാശമുണ്ടെന്നും ഇക്കാര്യം വ്യക്തമാക്കിക്കൊണ്ടുള്ള ഉത്തരവുമാത്രമാണ് 24-10-2020-ന് പുറപ്പെടുവിച്ചതെന്നും റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി വ്യക്തമാക്കി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുംപ്രകാരം റൂളിംഗ് നൽകി [+].

" 1964-ലെ ഭൂപതിവ് ചട്ടം, 2005-ലെ കേരള പ്രൊമോഷൻ ഓഫ് ട്രീ ഗ്രോത്ത് ഇൻ നോൺ ഫോറസ്റ്റ് ഏരിയ ആക്ട്, 2003-ലെ ഫോറസ്റ്റ് (വെസ്റ്റിംഗ് ആന്റ് മാനേജ്മെന്റ് ഓഫ് ഇക്കോളജിക്കലി ഫ്രൈജൽ ലാൻഡ്) ആക്ട് എന്നിവയിലെ വ്യവസ്ഥകൾക്ക് സ്പഷ്ടീകരണം നൽകുന്ന ടി സർക്കാർ ഉത്തരവിന് ചട്ടഭേദഗതിയുടെ സ്വഭാവമുള്ളതായി കാണുന്നില്ല. ആയതിനാൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല."

(3) <u>കിഫ്ബി ധനവിനിയോഗം സംബന്ധിച്ച്</u>

2021 ആഗസ്റ്റ് 2-ാം തീയതി സബ്മിഷനുശേഷം, കിഫ്ബി പദ്ധതിക്കുവേണ്ടി ബഡ്ജറ്റിനുപുറത്ത് ചെലവഴിക്കുന്ന തുകയുടെ ധനവിനിയോഗം സംബന്ധിച്ച സൂക്ഷ്മപരിശോധന സഭയിലോ സബ്ജക്ട് കമ്മിറ്റിയിലോ വരുന്നില്ലെന്നും പ്രസ്തുത പദ്ധതിക്കാവശ്യമായ ഫണ്ട് വായ്പയിലൂടെയും മസാലബോണ്ടുകളിലൂടെയും കണ്ടെത്തുമെന്ന് പറഞ്ഞെങ്കിലും മോട്ടോർ

+ XVKLA/II Session Vol.185 Report No.5 dated 28-07-2021

വാഹന നികുതി, പെട്രോൾ സെസ്, കോർപ്പസ് ഫണ്ട് ഗ്രാന്റ് എന്നിങ്ങനെ ഖജനാവിൽനിന്നാണ് ഭൂരിഭാഗം പണവും നൽകുന്നതെന്നും നിയമസഭ പാസ്സാക്കുന്ന കിഫ്ബി ഫണ്ട് സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ടോ, വാർഷിക കണക്കുകളോ പരിശോധിക്കുന്നതിന് സഭാ സമിതികൾക്ക് അവസരം ലഭിക്കുന്നില്ലെന്നും പ്രതിപക്ഷത്തെ ഒരംഗം ക്രമപ്രശ്നം ഉന്നയിച്ചു.

ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നതിനെക്കാൾ കൂടുതൽ തുക കിഫ്ബിക്കായി ആവശ്യപ്പെടാത്തതിനാലാണ് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വരാത്തതെന്നും 2019-20 വരെയുള്ള ധനകാര്യ വർഷത്തെ കിഫ്ബിയുടെ വാർഷിക കണക്കുകളും വാർഷിക റിപ്പോർട്ടുകളും ഫിഡലിറ്റി സർട്ടിഫിക്കറ്റും നിയമസഭ മുമ്പാകെ സമർപ്പിച്ചിട്ടുണ്ടെന്നും 2019-ലെ സ്പീക്കറുടെ റൂളിംഗ് പ്രകാരം കിഫ്ബിയുടെ വരവുചെലവ് കണക്കുകൾ സംബന്ധിച്ച് ചർച്ച നടത്താനാവശ്യമായ ക്രമീകരണങ്ങൾ സ്വീകരിക്കുന്നതാണെന്നും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വ്യക്തമാക്കി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുംപ്രകാരം റൂളിംഗ് നൽകി +.

"കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ടിലെ നടപടിക്രമം

+ XVKLA/II Session Vol.185 Report No.8 dated 02-08-2021

പാലിക്കാതെ ഉൾപ്പെടുത്തിയ ഓഡിറ്റ് പരാമർശങ്ങൾ ഒരു പ്രമേയത്തിലൂടെ സഭ നിരാകരിക്കുകയാണുണ്ടായത്. കിഫ്ബിയുമായി ബന്ധപ്പെട്ട കണക്കിനങ്ങൾ ഉൾപ്പെടുന്ന 'പലവക സാമ്പത്തിക സർവ്വീസുകൾ ' എന്ന 28-ാം നമ്പർ ധനാഭ്യർത്ഥന പൊതുവായി സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയിൽ വരുന്നതാണെങ്കിൽപ്പോലും അതിനുകീഴിൽ വരുന്ന '5475-മറ്റ് പൊതു സാമ്പത്തിക സർവ്വീസുകൾ സംബന്ധിച്ച മൂലധന ചെലവ്' എന്ന മേജർ ഹെഡ് പ്രത്യേകമായി സബ്ജക്ട് കമ്മിറ്റിയുടെ സൂക്ഷ്മപരിശോധനാ ഷെഡ്യൂളിൽ ഇത്തവണയും ഉൾപ്പെടുത്തിയിട്ടില്ല. മേജർ ഹെഡ്ഡിന്റെ പരിധിയിൽവരുന്ന ചെലവിനങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ സർക്കാരിൽ നിന്നും നേരിട്ട് ആവശ്യപ്പെടുന്നതിനും പരിശോധിക്കുന്നതിനും ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിക്ക് അധികാരമുണ്ട്. ഭാവിയിൽ അത്തരം സാദ്ധ്യതകൾ സമിതി പ്രയോജനപ്പെടുത്തുമെന്ന് കരുതുന്നു. ഇക്കാര്യത്തിൽ വീണ്ടും ക്രമപ്രശ്നം ഉയർന്നുവന്ന സാഹചര്യത്തിൽ അടുത്തവർഷം മുതൽ മേല്പറഞ്ഞ മേജർ ഹെഡ്ഡിനുകീഴിൽ വരുന്ന വിശദാംശങ്ങൾകൂടി സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയുടെ സൂക്ഷ്മപരിശോധനാ

ഷെഡ്യൂളിൽ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണെന്ന് ചെയർ റൂൾ ചെയ്യുന്നു." അതിനാൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

(4) ഓർഡിനൻസ് തുടർച്ചയായി പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്

2021 ആഗസ്റ്റ് 2-ാം തീയതി സബ്മിഷനുശേഷം ഓർഡിനൻസുകൾ ലാപ്സായതിനെത്തുടർന്ന് ആവർത്തിച്ച് പുറപ്പെടുവിക്കുന്നത് ഭരണഘടനാ വിരുദ്ധമാണെന്നും ഓർഡിനൻസുകൾ തുടർച്ചയായി പുറപ്പെടുവിക്കുന്ന സമീപനത്തിൽനിന്നും പിന്മാറണമെന്നും ഒരു പ്രതിപക്ഷാംഗം ക്രമപ്രശ്നം ഉന്നയിച്ചു.

കോവിഡ് മഹാമാരിയുടെ സാഹചര്യത്തിൽ മുൻകൂട്ടി നിശ്ചയിച്ച തീയതിക്ക് മുമ്പുതന്നെ സമ്മേളനങ്ങൾ അവസാനിപ്പിക്കേണ്ടിവന്നതിനാൽ ഓർഡിനൻസിന് പകരമുള്ള ബിൽ അവതരിപ്പിക്കാനും പാസ്സാക്കാനും സാധിച്ചിട്ടില്ലെന്നും സഭ മുമ്പാകെ പ്രസിദ്ധീകരിച്ചിട്ടുള്ള ബില്ലുകളും ഓർഡിനൻസുകൾക്കുപകരമുള്ള ബില്ലുകളും കാര്യോപദേശക സമിതി തീരുമാനിക്കുന്ന സമയത്ത് ബന്ധപ്പെട്ട വകുപ്പിന് സഭയിൽ അവതരിപ്പിച്ച് നിയമനിർമ്മാണ പ്രക്രിയ പൂർത്തീകരിക്കാവുന്നതാണെന്നും നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി വ്യക്തമാക്കി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുംപ്രകാരം റൂളിംഗ് നൽകി +.

"ലോക്ഡൗണിന്റെ പശ്ചാത്തലത്തിൽ കഴിഞ്ഞ കാലങ്ങളിലെ സഭാ സമ്മേളന ദിനങ്ങളിൽ ഗണ്യമായി കുറവ് വന്നതുമൂലമാണ് ഇത്രയധികം ഓർഡിനൻസുകൾ ഒരേസമയം നിലനിൽക്കുന്ന സ്ഥിതിവിശേഷം സംജാതമായത്. പുതിയ നികുതി നിർദ്ദേശങ്ങൾ അടങ്ങുന്നതും സഭയിൽ വിശദമായ ചർച്ചകൾ നടക്കേണ്ടതുമായ സുപ്രധാനമായ നിയമങ്ങളാണ് ബില്ലുകളായി സഭ മുമ്പാകെ വരാതെ ഓർഡിനൻസായിത്തന്നെ നിലനിൽക്കുന്നത്. നിലവിൽ പ്രാബല്യത്തിലിരിക്കുന്ന 44 ഓർഡിനൻസുകളും ഈ സഭാ സമ്മേളനം അവസാനിക്കുന്നതോടുകൂടി റീ-പ്രൊമൽഗേറ്റ് ചെയ്യേണ്ടിവരും. ഇപ്പോൾ പുറപ്പെടുവിച്ചിട്ടുള്ള ഓർഡിനൻസുകൾക്ക് പകരമുള്ള നിയമങ്ങൾ സഭയിൽ പാസ്സാക്കുന്നതിനായി ഒരു ആക്ഷൻ പ്ലാൻ നിയമ വകുപ്പിന്റെ നേതൃത്വത്തിൽ തയ്യാറാക്കണമെന്നും നിയമനിർമ്മാണത്തിന് മാത്രമായി ഒക്ടോബർ-നവംബർ മാസങ്ങളിൽ സഭയുടെ പ്രത്യേക സമ്മേളനം ചേർന്ന് എല്ലാ ഓർഡിനൻസുകളെയും റീപ്ലേസ് ചെയ്യുന്ന നിയമങ്ങൾ പാസ്സാക്കാൻ അവസരമൊരുക്കണമെന്നും നിർദ്ദേശിക്കുന്നു. ഇക്കാര്യത്തിൽ ബന്ധപ്പെട്ട

+ XVKLA/II Session Vol.185 Report No.8 dated 02-08-2021

മന്ത്രിമാരുടെ പ്രത്യേക ശ്രദ്ധയുണ്ടാകണം.

## (5) ഔദ്യോഗിക സ്ഥാനപ്പേരിൽ വന്ന വ്യത്യാസം

2021 ആഗസ്റ്റ് 2-ാം തീയതി സബ്മിഷനുശേഷം, ശ്രീ. കെ. കൃഷ്ണൻ കുട്ടിയുടെ സ്ഥാനപ്പേര് 'ഊർജ്ജ വകുപ്പുമന്ത്രി' എന്നും 'വൈദ്യുതി വകുപ്പുമന്ത്രി' എന്നും വ്യത്യസ്തങ്ങളായി നിയമസഭാ-ഔദ്യോഗിക രേഖകളിൽ പ്രസിദ്ധീകരിക്കുന്നത് ചട്ടവിരുദ്ധമായതിനാൽ അത് തിരുത്തണമെന്നും ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ നിർദ്ദേശം നൽകണമെന്നും പ്രതിപക്ഷത്തെ ഒരംഗം ക്രമപ്രശ്നം ഉന്നയിച്ചു.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുംപ്രകാരം റൂളിംഗ് നൽകി +.

ബഹുമാനപ്പെട്ട മന്ത്രിമാരുടെ ഔദ്യോഗിക പദവി സൂചിപ്പിക്കുന്ന പരാമർശങ്ങളിൽ പിശകുകൾ കടന്നുകൂടാതെ തന്നെയാണ് നിയമസഭാരേഖകളിൽ ഉപയോഗിച്ചുവരുന്നത്. എന്നാൽ പുതിയ മന്ത്രിസഭ നിലവിൽ വന്നതിനെത്തുടർന്ന് മന്ത്രിമാരുടെ വകുപ്പുകൾ നിശ്ചയിച്ചുകൊണ്ട് പൊതുഭരണ വകുപ്പ് പുറപ്പെടുവിച്ച സർക്കുലർ ഇംഗ്ലീഷിലായതിനാലാണ് 'Minister for Electricity' എന്നത് 'ഊർജ്ജ വകുപ്പുമന്ത്രി' എന്ന് മലയാളത്തിൽ വിവർത്തനം ചെയ്ത് പ്രസിദ്ധീകരിക്കാനിടയായത്. തുടർന്ന്,

+ XVKLA/II Session Vol.185 Report No.8 dated 02-08-2021

പൊതുഭരണ വകുപ്പിന്റെ സർക്കുലർ പ്രകാരം മലയാളത്തിൽ 'വൈദ്യുതി വകുപ്പുമന്ത്രി' എന്ന് വ്യക്തത വരുത്തിയ സാഹചര്യത്തിൽ നിയമസഭാ രേഖകളിൽ ഇപ്പോൾ 'വൈദ്യുതി വകുപ്പുമന്ത്രി' എന്നാണ് ഉപയോഗിച്ചുവരുന്നത്. പ്രകടമായ അർത്ഥവ്യത്യാസമില്ലെങ്കിൽപ്പോലും ഭാവിയിൽ ഇത്തരം പിശകുകൾ സംഭവിക്കാതിരിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുന്നതാണ്.

(6) <u>ആക്ഷൻ ടേക്കൺ റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിലെ കാലതാമസം</u>

2021 ആഗസ്റ്റ് 3-ാം തീയതി റിപ്പോർട്ട് സമർപ്പണത്തിനുശേഷം, സമിതി റിപ്പോർട്ടുകളിന്മേലുള്ള ശിപാർശകൾക്ക് സർക്കാർ വേണ്ടത്ര പരിഗണന നൽകുകയോ അതിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ യഥാസമയം ലഭ്യമാക്കുകയോ ചെയ്യാത്തതിനാൽ കാലപ്പഴക്കംചെന്ന ഒട്ടേറെ ഫയലുകൾ തീർപ്പാകാതെ സെക്ഷനുകളിൽ കെട്ടിക്കിടക്കുകയാണെന്നും സമിതികൾക്ക് ലഭിക്കുന്ന പരാതികളിന്മേലുള്ള റിപ്പോർട്ടുകൾ സമയബന്ധിതമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്നും പ്രതിപക്ഷത്തെ ഒരംഗം ക്രമപ്രശ്നം ഉന്നയിച്ചു.

നിയമസഭാ സമിതികളുടെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ

റിപ്പോർട്ടുകൾ സമയബന്ധിതമായി സമിതികൾക്ക് ലഭ്യമാക്കണമെന്ന് വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും അത് പാലിക്കാത്ത വകുപ്പുകൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്നും പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി വ്യക്തമാക്കി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുംപ്രകാരം റൂളിംഗ് നൽകി +.

സർക്കാരിൽ നിന്നും ആവശ്യമായ വിവരങ്ങളും നടപടി സ്റ്റേറ്റ്മെന്റുകളും യഥാസമയം ലഭ്യമാകാതെവന്നാൽ സഭാ സമിതികളുടെ പ്രവർത്തനം അവതാളത്തിലാകും. എക്സിക്യൂട്ടീവും ലെജിസ്ലേച്ചറും പാരസ്പര്യത്തോടെ പ്രവർത്തിച്ച് പൊതുജനങ്ങളുടെ പരാതികൾക്കും സമൂഹത്തിലെ തെറ്റായ പ്രവണതകൾക്കും പരിഹാരം കണ്ടെത്തിയിട്ടുള്ള മാതൃകാപരമായ സന്ദർഭങ്ങൾ കേരള നിയമസഭയുടെ പൂർവ്വകാല ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സഭാ സമിതികൾ കണിശതയോടെയും ജാഗ്രതയോടെയും പ്രവർത്തിക്കുകയാണെങ്കിൽ ആവശ്യപ്പെടുന്ന എല്ലാ വിവരവും ഗവൺമെന്റിൽനിന്നും ലഭ്യമാക്കാനും കർത്തവ്യ നിർവ്വഹണം സമയബന്ധിതമായി പൂർത്തീകരിക്കാനും ഏതൊരു സമിതിക്കും

+ XVKLA/II Session Vol.185 Report No.9 dated 03-08-2021

സാധിക്കുന്നതാണ്. നിയമസഭയുടെ ചെറുരൂപം എന്ന നിലയിൽ സഭയ്ക്കുള്ള ഒട്ടുമിക്ക അധികാരാവകാശങ്ങളും സമിതിക്കുമുണ്ട്. സമിതി ആവശ്യപ്പെടുന്ന വിവരങ്ങൾ നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ ലഭ്യമാക്കാതെ വരുന്ന സന്ദർഭങ്ങളിൽ ബന്ധപ്പെട്ട വകുപ്പുസെക്രട്ടറിമാരെ സമിതി മുമ്പാകെ വിളിച്ചുവരുത്താനും വിവരങ്ങൾ ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കാനും അതിന് തയ്യാറാകാതെവരുന്ന ഗവൺമെന്റ് സെക്രട്ടറിമാരുടെ നിഷേധാത്മക നിലപാടുകൾ ചീഫ് സെക്രട്ടറിയുടെ ശ്രദ്ധയിൽകൊണ്ടുവരാനും പരിഹാരമായില്ലെങ്കിൽ ചീഫ് സെക്രട്ടറിയെത്തന്നെ സമിതി മുമ്പാകെ വിളിച്ചുവരുത്താനും സമിതിയുടെ പ്രവർത്തനങ്ങളുമായി മന:പൂർവ്വം സഹകരിക്കാതിരിക്കുന്ന ഗവൺമെന്റ് സെക്രട്ടറിമാർക്കെതിരെ അവകാശലംഘനത്തിന് ശിക്ഷാനടപടി ശിപാർശ ചെയ്യാനും സമിതികൾക്ക് അധികാരമുണ്ട്. നിയമസഭാ സമിതികളുടെ മുമ്പാകെയുള്ള ഓരോ ഫയലും ഒട്ടനവധി ജീവിതങ്ങളെ സംബന്ധിക്കുന്നവയാകയാൽ അർഹിക്കുന്ന പരിഗണന ലഭിക്കണം. സാങ്കേതികവും യുക്തിരഹിതവുമായ കാരണങ്ങളുടെ പേരിൽ സമിതി പ്രവർത്തനങ്ങൾ തടസ്സപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്തി യാഥാർത്ഥ്യബോധത്തോടും പ്രായോഗിക

സമീപനത്തോടുംകൂടി കാര്യങ്ങളെ കാണാൻ എല്ലാ സമിതി അദ്ധ്യക്ഷന്മാരും സമിതി അംഗങ്ങളും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും തയ്യാറായാൽ ഇപ്പോൾ രൂപീകരിക്കപ്പെട്ടിരിക്കുന്ന സഭാ സമിതികളുടെ കാലാവധി പൂർത്തീകരിക്കുന്നതിനുമുമ്പുതന്നെ ധനകാര്യ സമിതികൾ ഒഴികെയുള്ള എല്ലാ സമിതികളുടെയും കുടിശ്ശിക ജോലികൾ പൂർത്തീകരിക്കാൻ കഴിയുന്നതും സഭാ സമിതികളുടെ അത്തരം പരിശ്രമങ്ങൾക്ക് എല്ലാ പിന്തുണയും പ്രോത്സാഹനവും ഉണ്ടായിരിക്കുന്നതുമാണ്.

(7) <u>കോവിഡ് വാക്സിന് വകയിരുത്തിയ അധിക തുകയുടെ വിനിയോഗം</u>

2021 ആഗസ്റ്റ് 3-ാം തീയതി ധനകാര്യത്തിനുമുമ്പായി, എല്ലാവർക്കും കോവിഡ് വാക്സിൻ സൗജന്യമായി ലഭ്യമാക്കുമെന്ന് കേന്ദ്രസർക്കാർ പ്രഖ്യാപിച്ച സാഹചര്യത്തിൽ 18 വയസ്സിന് മുകളിലുള്ളവർക്ക് സൗജന്യമായി വാക്സിൻ വാങ്ങി നൽകുന്നതിനായി സർക്കാർ മാറ്റിവച്ച 1000 കോടി രൂപയുടെ വിനിയോഗത്തെ സംബന്ധിച്ച അവ്യക്തത നിലനിൽക്കുന്നതിനാൽ ഇതുസംബന്ധിച്ച് സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്യുന്നതിനുള്ള നിർദ്ദേശമുണ്ടാകണമെന്ന് പ്രതിപക്ഷത്തെ ഒരംഗം ക്രമപ്രശ്നം ഉന്നയിച്ചു.

വാക്സിൻ സൗജന്യമായി നൽകുമെന്ന പ്രധാനമന്ത്രിയുടെ പ്രഖ്യാപനത്തിനുശേഷവും ആവശ്യകതയ്ക്കനുസരിച്ച് ലഭിക്കാത്ത സാഹചര്യമാണുള്ളതെന്നും കേരളത്തിൽ കോവിഡ് വ്യാപനം ഉയരുകയും വാക്സിൻ ലഭ്യത ഇന്നത്തെ രീതിയിൽ തുടരുകയും ചെയ്താൽ സമീപഭാവിയിൽ നേരിട്ട് വിപണിയിൽനിന്ന് വാക്സിൻ വാങ്ങേണ്ട സാഹചര്യമുണ്ടായേയ്ക്കാമെന്നും ബന്ധപ്പെട്ട ശീർഷകത്തിൽ തുകയില്ലാതെ വന്നാൽ അപ്പോൾ തുക ചെലവഴിക്കുന്നതിന് പ്രയാസം നേരിടുന്നമെന്നതിനാൽ 1000 കോടി രൂപ നിലവിൽ വകയിരുത്തിയ ശീർഷകത്തിൽത്തന്നെ നിലനിർത്തുന്നത് സംസ്ഥാന താല്പര്യത്തിന് അത്യന്താപേക്ഷിതമാണെന്നും ബഡ്ജറ്റ് മാന്വൽ അനുസരിച്ച് ഒരു സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ ചെലവഴിക്കപ്പെടാത്ത തുക അന്തിമ ധനവിനിയോഗത്തിലൂടെ പുനർവിനിയോഗം ചെയ്യുകയോ റെസ്യൂം ചെയ്യുകയോ ആണ് ചെയ്യുന്നതെന്നും ധനകാര്യ വകുപ്പുമന്ത്രി വ്യക്തമാക്കി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുംപ്രകാരം റൂളിംഗ് നൽകി +.

കോവിഡ് വാക്സിൻ സൗജന്യമായി നൽകാൻ കേന്ദ്ര സർക്കാർ തീരുമാനമെടുത്ത സാഹചര്യത്തിൽ വില കൊടുത്ത് വാക്സിൻ

---

\+ XVKLA/II Session Vol.185 Report No.9 dated 03-08-2021

വാങ്ങുന്നതിനായി ബഡ്ജറ്റ് ശീർഷകത്തിൽ വകയിരുത്തിയ തുക അതേ ശീർഷകത്തിൽത്തന്നെ നിലനിർത്തേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ച് ധനകാര്യ വകുപ്പുമന്ത്രി നൽകിയ വിശദീകരണം തികച്ചും ഉചിതവും പ്രസക്തവുമാണ്. ആയതിനാൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

(8) <u>നിയമസഭാ ചോദ്യങ്ങൾക്കുള്ള ഉത്തരം യഥാസമയം ലഭ്യമാക്കൽ</u>

2021 ആഗസ്റ്റ് 5-ാം തീയതി ഗവൺമെന്റ് പ്രമേയത്തിനുശേഷം, നിയമസഭാ ചോദ്യങ്ങൾക്കുള്ള മറുപടി ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ ലഭ്യമാക്കുന്നതിൽ കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കണമെന്ന് പ്രതിപക്ഷത്തെ ഒരംഗം ക്രമപ്രശ്നം ഉന്നയിച്ചു.

നിയമസഭാ ചട്ടം 47(1), (2) എന്നിവ പ്രകാരമുള്ള ചോദ്യങ്ങളുടെ മറുപടി അതത് സമ്മേളന കാലയളവിൽത്തന്നെ ലഭ്യമാക്കുന്ന കാര്യം മന്ത്രിമാരുടെ ശ്രദ്ധയിൽപ്പെടുത്തിട്ടുണ്ടെന്നും മറുപടി കൃത്യമായി ലഭ്യമാക്കുന്നതിനുള്ള നടപടി വകുപ്പുകൾ സ്വീകരിച്ചുവരികയാണെന്നും പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി വ്യക്തമാക്കി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുംപ്രകാരം റൂളിംഗ് നൽകി [+].

ഇ-നിയമസഭ പദ്ധതി പൂർത്തീകരിക്കപ്പെടുന്നതോടുകൂടി നിയമസഭാ നടപടിക്രമങ്ങളിൽ വരുത്തേണ്ട പരിഷ്കാരങ്ങളും നിയമസഭാ ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭ്യമാക്കുന്നതും സംബന്ധിച്ച് പരിശോധിച്ച് ശിപാർശ നൽകുന്നതിനായി ഒരു അഡ്ഹോക് സമിതി രൂപീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. ബഹുമാന്യരായ മുഖ്യമന്ത്രി, പ്രതിപക്ഷനേതാവ് എന്നിവരുമായി കൂടിയാലോചിച്ച് ഇക്കാര്യത്തിൽ യുക്തമായ തീരുമാനം കൈക്കൊള്ളുന്നതാണ്. ആരോഗ്യ -വനിത ശിശുവികസന വകുപ്പുമന്ത്രിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

(9) ചട്ടം 300 പ്രകാരമുള്ള പ്രസ്താനവയിന്മേൽ പുറപ്പെടുവിച്ച ഉത്തരവിലെ വൈരുദ്ധ്യം

2021 ആഗസ്റ്റ് 5-ാം തീയതി ധനകാര്യത്തിനുമുമ്പായി, ചട്ടം 300 പ്രകാരം 4-08-2021-ന് ആരോഗ്യ വകുപ്പുമന്ത്രി സഭയിൽ നടത്തിയ പ്രസ്താവനയ്ക്ക് വിരുദ്ധമായാണ് ഡിസാസ്റ്റർ മാനേജ്മെന്റ് ഡിപ്പാർട്ടുമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതെന്നും കടകളും പൊതു സ്വകാര്യ സ്ഥാപനങ്ങളും സന്ദർശിക്കുന്നവർ ആദ്യ ഡോസ് വാക്സിൻ എടുത്തവരോ 72

+ XVKLA/II Session Vol.185 Report No.11 dated 05-08-2021

മണിക്കൂറിനുള്ളിൽ ആർ.ടി.പി.സി.ആർ നെഗറ്റീവ് ഫലം ലഭിച്ചവരോ ഒരു മാസത്തിനുള്ളിൽ കോവിഡ് രോഗമുക്തി നേടിയവരോ ആകുന്നതാണ് അഭികാമ്യമെന്ന മന്ത്രിയുടെ പ്രസ്താവന ഉത്തരവിൽ നിർബന്ധമാക്കിയിരിക്കുകയാണെന്നും അപ്രായോഗികമായ നിർദ്ദേശങ്ങളടങ്ങിയ ഉത്തരവ് ദുരുപയോഗം ചെയ്യാനിടയുണ്ടെന്നും ചട്ടം 300 പ്രകാരമുള്ള പ്രസ്താവനയുടെ അന്തസ്സത്തയ്ക്ക് കടകവിരുദ്ധമായി ഉത്തരവിറക്കുന്നത് ഓർഡറിലല്ലെന്നും പ്രതിപക്ഷനേതാവ് ക്രമപ്രശ്നം ഉന്നയിച്ചു.

പൊതുപ്രാധാന്യമർഹിക്കുന്ന വിഷയമായതിനാലാണ് ചട്ടം 300 പ്രകാരം സഭയിൽ പ്രസ്താവന നടത്തിയതെന്നും ചട്ടപ്രകാരമുള്ള പ്രസ്താവനയും ഉത്തരവും തമ്മിൽ വൈരുദ്ധ്യങ്ങളില്ലെന്നും ആരോഗ്യ-വനിതാ-ശിശു വികസന വകുപ്പുമന്ത്രി വ്യക്തമാക്കി.

(10) <u>ധനകാര്യ ബില്ലുകൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നത് സംബന്ധിച്ച്</u>

2021 ആഗസ്റ്റ് 5-ാം തീയതി നിയമനിർമ്മാണവേളയിൽ, ധനാഭ്യർത്ഥന ചർച്ച പൂർത്തിയാകുന്നതിനുമുമ്പ് 2021-ലെ കേരള ധനകാര്യ

ബിൽ, 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ എന്നിവ വിഷയ നിർണ്ണയ സമിതിയുടെ പരിഗണനയ്ക്കയയ്ക്കുന്നത് നിയമസഭാ ചട്ടങ്ങൾക്കും കീഴ്‌വഴക്കങ്ങൾക്കും എതിരാണെന്നും 2005-ലെ മൂല്യവർദ്ധിത നികുതി നിയമം നിലവിൽവന്ന പ്രത്യേക സാഹചര്യത്തിലാണ് ധനാഭ്യർത്ഥനകൾ പാസ്സാക്കുന്നതിനുമുമ്പ് ധനകാര്യ ബിൽ പാസ്സാക്കിയതെന്നും 2018-ൽ ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചെങ്കിലും ധനാഭ്യർത്ഥനകൾ പാസ്സായശേഷമാണ് കമ്മിറ്റി യോഗം ചേർന്നതെന്നും ആയതിനാൽ ധനകാര്യ ബിൽ പരിശോധിക്കുന്ന സബ്ജക്ട് കമ്മിറ്റി യോഗം ധനാഭ്യർത്ഥന ചർച്ച പൂർത്തീകരിച്ചശേഷം മാത്രമേ ചേരാൻ പാടുള്ളൂവെന്നും ഒരു പ്രതിപക്ഷാംഗം ക്രമപ്രശ്നം ഉന്നയിച്ചു.

ധനാഭ്യർത്ഥന ചർച്ച പൂർത്തിയാകുന്നതിന് മുമ്പ് ധനകാര്യ ബിൽ പാസ്സാക്കുന്നത് ഭരണഘടനാപരമായോ ചട്ടപ്രകാരമോ തെറ്റല്ലെന്നും ധനകാര്യ ബിൽ പാസ്സാക്കുന്നത് 12-08-2021-ലായതിനാൽ ഇപ്പോൾ വിഷയനിർണ്ണയ സമിതിയുടെ പരിഗണനയ്ക്കയയ്ക്കുന്നതിന് നിയമ തടസ്സമില്ലെന്നും സഭ അംഗീകരിച്ച ബി.എ.സി. റിപ്പോർട്ട് പ്രകാരമാണ് ധനകാര്യ ബിൽ വിഷയ നിർണ്ണയ സമിതിയുടെ പരിഗണനയ്ക്കയയ്ക്കുന്നതെന്നും

ധനകാര്യ വകുപ്പുമന്ത്രി വ്യക്തമാക്കി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുംപ്രകാരം റൂളിംഗ് നൽകി+.

"ധനാഭ്യർത്ഥനയുമായി ബന്ധപ്പെട്ട ചർച്ചയ്ക്കും വോട്ടെടുപ്പിനും ധനകാര്യ ബില്ലിന്റെ പരിഗണനയുമായി നേരിട്ട് ബന്ധമില്ലെങ്കിലും കീഴ്‌വഴക്കമെന്ന നിലയിൽ ധനാഭ്യർത്ഥനകളുടെ പരിഗണന പൂർത്തീകരിച്ച ശേഷമാണ് ധനകാര്യ ബില്ലുകൾ പരിഗണിച്ചുവരുന്നത്. ചില പ്രത്യേക സാഹചര്യങ്ങളിൽ ധനകാര്യ ബിൽ നേരത്തെ പരിഗണിക്കുന്ന സന്ദർഭങ്ങളുണ്ടായിട്ടുണ്ട്. കോവിഡിനെത്തുടർന്ന് സഭാ സമ്മേളനദിനങ്ങളിൽ കുറവ് വരുത്തിയതിനാലാണ് ധനകാര്യ ബില്ലുകൾ പരിഗണിക്കുന്നതിന് പുതിയ സമയക്രമം നിശ്ചയിച്ചത്. ഇക്കാര്യത്തിൽ ചട്ടങ്ങളുടെയോ കീഴ്‌വഴക്കങ്ങളുടെയോ ലംഘനമുണ്ടായിട്ടില്ല. ആയതിനാൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല."

(11) <u>സമിതി റിപ്പോർട്ടുകൾ സഭയിൽ ചർച്ച ചെയ്യുന്നത് സംബന്ധിച്ച്</u>

2021 ആഗസ്റ്റ് 9-ാം തീയതി സബ്മിഷനുശേഷം, നിയമസഭാ സമിതി റിപ്പോർട്ടുകളിലെ പൊതുപ്രാധാന്യമുള്ള വിഷയങ്ങൾ സഭയിൽ ചർച്ച ചെയ്യുന്നതിന് ആഴ്ചയിൽ ഒരു മണിക്കൂർ നീക്കിവയ്ക്കാൻ നടപടി

+ XVKLA/II Session Vol.185Report No.11 dated 05-08-2021

സ്വീകരിക്കണമെന്ന് പ്രതിപക്ഷത്തെ ഒരംഗം ക്രമപ്രശ്നത്തിലൂടെ ചൂണ്ടിക്കാണിച്ചു.

നിയമസഭാ ചട്ടം 205 B പ്രകാരം നിയമസഭാ സമിതികൾ തയ്യാറാക്കുന്ന പ്രധാനപ്പെട്ട റിപ്പോർട്ടുകളെങ്കിലും സഭയിൽ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതാണെങ്കിലും സമയപരിമിതിമൂലം പലപ്പോഴും ചർച്ച നടത്താറില്ല. ബന്ധപ്പെട്ട വകുപ്പുകൾ റിപ്പോർട്ടുകൾ പരിശോധിച്ച് പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ശ്രമിക്കാറുണ്ടെങ്കിലും സഭയിൽ ചർച്ച ചെയ്യുകയാണെങ്കിൽ കുറച്ചുകൂടി ഗുണകരമാകുമെന്നതിനാൽ പ്രധാനപ്പെട്ട വിഷയങ്ങൾ സഭയിൽ ചർച്ച ചെയ്യണമെന്നതാണ് ഗവൺമെന്റിന്റെ അഭിപ്രായമെന്നും പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി വ്യക്തമാക്കി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുംപ്രകാരം റൂളിംഗ് നൽകി +.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 205 B പ്രകാരം സഭാസമിതികളുടെ റിപ്പോർട്ടിലെ പൊതുപ്രാധാന്യമുള്ള വിഷയങ്ങളിന്മേൽ ചർച്ച ചെയ്യുന്നതിന് ആഴ്ചയിലൊരു ദിവസം ഒരു മണിക്കൂർ നീക്കിവയ്ക്കാവുന്നതിൽ ഗവൺമെന്റിന്

+ XVKLA/II Session Vol.185 Report No.13 dated 09-08-2021

അനുകൂല നിലപാടാണുള്ളത്. സഭയുടെ നടപടിക്രമങ്ങളിൽ കാലികമായ മാറ്റങ്ങൾ ശിപാർശ ചെയ്യുന്നതിനായി രൂപീകരിക്കപ്പെട്ട അഡ്ഹോക് സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സമിതി റിപ്പോർട്ടുകൾ സഭയിൽ ചർച്ച ചെയ്യുന്നതിനായി സഭാ നടപടിചട്ടങ്ങളിൽ ഒരു പുതിയ വ്യവസ്ഥ, ചട്ടം 205 B ആയി നിലവിൽ വന്നെങ്കിലും രണ്ട് റിപ്പോർട്ടുകൾ മാത്രമേ സഭയിൽ ചർച്ച ചെയ്യാൻ അവസരം ലഭിച്ചിട്ടുള്ളൂ. സഭാ ദിനങ്ങളുടെ എണ്ണം പരിമിതപ്പെട്ടതും സഭയിൽ നിർവ്വഹിക്കപ്പെടേണ്ട ഗവൺമെന്റ് ബിസിനസ്സുകൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടിവന്നതും കാരണമാണ് ഇക്കാര്യത്തിനായി വേണ്ടത്ര സമയം കണ്ടെത്താൻ കഴിയാതിരുന്നത്. ഇക്കാര്യത്തിൽ കൂടുതൽ സമയം ലഭ്യമാകത്തക്ക വിധത്തിൽ ഇനിവരുന്ന സഭാ സമ്മേളനങ്ങളുടെ കാര്യപരിപാടികൾ ക്രമപ്പെടുത്താൻ യോജിപ്പോടുകൂടിയുള്ള നീക്കം ഉണ്ടാകേണ്ടതുണ്ട്.

(12) <u>ക്രമവിരുദ്ധമായി ഉത്തരവ് പുറപ്പെടുവിച്ചത് സംബന്ധിച്ച്</u>

2021 ആഗസ്റ്റ് 10-ാം തീയതി റിപ്പോർട്ട് സമർപ്പണത്തിനുശേഷം, 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി നിയമത്തിലെ വൈഷമ്യങ്ങൾ നീക്കം ചെയ്യുന്ന വ്യവസ്ഥപ്രകാരമെന്ന് ചൂണ്ടിക്കാണിച്ച്

26-07-2021-ന് ഒരു എക്സിക്യൂട്ടീവ് ഉത്തരവിറക്കിയത് പ്രസ്തുത നിയമത്തിലെ 72-ാം വകുപ്പിന് വിരുദ്ധവും ചട്ടം 166 പ്രകാരം അവകാശം നിഷേധിക്കുന്നതും ക്രമവിരുദ്ധവുമാണെന്ന് പ്രതിപക്ഷത്തെ ഒരംഗം ക്രമപ്രശ്നം ഉന്നയിച്ചു.

2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി നിയമത്തിലെ വകുപ്പ് 72(1)-ന്റെ പ്രാബല്യത്തീയതി മുതൽ വിദൂര വിദ്യാഭ്യാസത്തിലൂടെയോ പ്രൈവറ്റ് രജിസ്ട്രേഷനിലൂടെയോ ഉള്ള പഠന കോഴ്സുകളിലേയ്ക്ക് വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നത് ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല മുഖേനയല്ലാതെ പാടുള്ളതല്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നും വിദൂര വിദ്യാഭ്യാസം മുഖേനയുള്ള കോഴ്സുകളിൽ പ്രവേശനമാഗ്രഹിക്കുന്ന കുട്ടികളുടെ പഠനാവസരം സംരക്ഷിക്കുന്നതിനും നിലവിൽ ഇത്തരം കോഴ്സുകൾ നടത്തുന്ന സർവ്വകലാശാലകളിൽ പ്രസ്തുത കോഴ്സുകൾ തുടർന്നും നടത്തുന്നതിനും നിയമത്തിന്റെ 63-ാം വകുപ്പ് നൽകുന്ന അധികാരം വിനിയോഗിച്ച് കേരള, മഹാത്മാഗാന്ധി, കാലിക്കറ്റ്, കണ്ണൂർ സർവ്വകലാശാലകൾക്ക് വിദൂര വിദ്യാഭ്യാസ കോഴ്സുകൾ നടത്തുന്നതിന് അനുമതി നൽകി ഇറക്കിയ ഉത്തരവ് എസ്.ആർ.ഒ. ആയി ഗസറ്റിൽ

വിജ്ഞാപനം ചെയ്തിട്ടുണ്ടെന്നും പ്രസ്തുത നടപടി വ്യവസ്ഥ പ്രകാരമായതിനാൽ സഭയുടെ അവകാശം ലംഘിക്കുന്ന സാഹചര്യമുണ്ടായിട്ടില്ലെന്നും ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി വ്യക്തമാക്കി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുംപ്രകാരം റൂളിംഗ് നൽകി +.

2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്ടിലെ 63-ാം വകുപ്പിലെ നിബന്ധന സർക്കാർ ഉത്തരവിലൂടെ ഭേദഗതി ചെയ്ത് ജൂലൈ 27-ാം തീയതി ചോദ്യോത്തര വേളയിൽ ഉന്നയിച്ചതിനെത്തുടർന്ന് സർക്കാർ ഇക്കാര്യം പുന:പരിശോധിക്കുകയും നിയമത്തിലെ വ്യവസ്ഥകൾക്കും സഭാ ചട്ടങ്ങൾക്കും അനുരോധമാകത്തക്ക വിധത്തിൽ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട്, നിലവിൽ വിദൂര വിദ്യാഭ്യാസ കോഴ്സുകൾ നടത്തുന്ന സർവ്വകലാശാലകളിൽ തുടർന്നും പ്രസ്തുത കോഴ്സുകൾ നടത്താനാവശ്യമായ അനുമതി നൽകിക്കൊണ്ടുള്ള എസ്.ആർ.ഒ. ഗസറ്റിൽ വിജ്ഞാപനം ചെയ്തുകഴിഞ്ഞതായി ബഹുമാനപ്പെട്ട വകുപ്പുമന്ത്രി അറിയിച്ച സാഹചര്യത്തിൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല. ഇത്തരത്തിലുള്ള ന്യൂനതകൾ ആവർത്തിക്കാതിരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ

---

\+ XVKLA/II Session Vol.185 Report No.14 dated 10-08-2021

ഭാഗത്തുനിന്ന് ജാഗ്രത ഉണ്ടാകേണ്ടതാണ്.

(13) ബില്ലിന്റെ ഭരണഘടനാ സാധുത

2021 ആഗസ്റ്റ് 11-ാം തീയതി നിയമനിർമ്മാണവേളയിൽ, 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യാ സർവ്വകലാശാല ബിൽ പാസ്സാക്കുന്നതിനുമുമ്പ് പുതുക്കിയ ധനകാര്യ മെമ്മോറാണ്ടം സർക്കുലേറ്റ് ചെയ്യേണ്ടതും ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ എക്സ്പെൻഡീച്ചർ സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതാണെന്നും റെക്കറിംഗ് ആന്റ് നോൺ റെക്കറിംഗ് എക്സ്പെൻഡീച്ചർ ധനകാര്യ മെമ്മോറാണ്ടത്തിൽ ഉൾപ്പെടുത്തേണ്ടതാണെന്നും പ്രസ്തുത ബില്ലിലെ വ്യവസ്ഥകൾ നടപ്പാക്കുമ്പോൾ രൂപപ്പെടാവുന്ന ആവർത്തകവും അനാവർത്തകവുമായ ചെലവുകളെയും യോഗ്യതയില്ലാത്ത അദ്ധ്യാപകരെ നിയമിച്ചതും സംബന്ധിച്ച് വ്യക്തമാക്കണമെന്ന് പ്രതിപക്ഷനേതാവും 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല ബില്ലിലെ പല വ്യവസ്ഥകളും 2015-ലെ എ.പി.ജെ. അബ്ദുൾകലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാല ആക്ടിന് സമാനമാണെന്നും പ്രസ്തുത ആക്ടിൽ ഭേദഗതി വരുത്താതെ സമാന വ്യവസ്ഥകളോടെ ഒരേ അധികാരപരിധിയിൽ

പ്രവർത്തിക്കാൻ അനുമതി നൽകുന്നതിനായി കൊണ്ടുവരുന്ന ഈ ബിൽ ക്രമപ്രകാരമല്ലെന്നും 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതന വിദ്യാ സർവ്വകലാശാല ബില്ലിലെ വ്യവസ്ഥകൾ ഇന്ത്യൻ ഭരണഘടനയ്ക്ക് വിരുദ്ധമാണെന്നും ഇത്തരമൊരു നിയമം കൊണ്ടുവരുമ്പോൾ പഴയ നിയമത്തിൽ മാറ്റം വരുത്തിയില്ലെങ്കിൽ ഒരേ കാര്യനിർവ്വഹണത്തിന് രണ്ട് നിയമങ്ങളുണ്ടെന്നുള്ള പ്രശ്നമുണ്ടാകുമെന്നും ഗവേഷണത്തിലൂടെയും കൺസൽട്ടിംഗിലൂടെയും ബൗദ്ധിക സ്വത്തുണ്ടാക്കുകയും ധനസമ്പാദനം നടത്തുകയും ചെയ്യുമെന്ന് ബില്ലിൽ വ്യവസ്ഥ ചെയ്യാൻ പാടില്ലാത്തതാണെന്നും നിർദ്ദിഷ്ട സർവ്വകലാശാലയുടെ വ്യാപ്തി വ്യക്തമാക്കുന്ന ഭൂപ്രദേശ പരിധിയെക്കുറിച്ച് ബില്ലിൽ വ്യക്തമാക്കിയിട്ടില്ലാത്തതും ധനകാര്യ മെമ്മോറാണ്ടത്തിൽ ആവർത്തന ചെലവ് എത്രയാണെന്ന് സൂചിപ്പിക്കാത്തതും നിയമപരമായ ന്യൂനതയാണെന്നും ആയതിനാൽ ബില്ലിന് അവതരണാനുമതി നൽകരുതെന്ന് പ്രതിപക്ഷത്തെ ചില അംഗങ്ങൾ ക്രമപ്രശ്നം ഉന്നയിച്ചു.

ഇവിടെ ഉന്നയിക്കപ്പെട്ട ക്രമപ്രശ്നങ്ങൾ ബില്ലിന്റെ ഉള്ളടക്കത്തെ പരാമർശിക്കുന്നവയായതിനാൽ സബ്ജക്ട് കമ്മിറ്റിയിലും സഭാതലത്തിലും

ചർച്ച ചെയ്ത് യുക്തമായ തീരുമാനം കൈക്കൊള്ളുന്നതാണ്. ഡിജിറ്റൽ രംഗത്തെ ബിരുദാനന്തര പഠനത്തിനും ഗവേഷണത്തിനുമാണ് സർവ്വകലാശാല പ്രാധാന്യം നൽകുന്നതെന്നും പ്രോജക്ടുകൾ, കൺസൾട്ടൻസി, പേറ്റന്റ്, ഭൗതിക സ്വത്തവകാശം ഇവയുടെ ഭാഗമായുള്ള വരുമാനത്തിൽ നിന്നാണ് സർവ്വകലാശാലകളുടെ ആവർത്തനച്ചെലവ് കണ്ടെത്തുന്നതെന്നും ഓർഡിനൻസ് പ്രകാരം പ്രവർത്തനമാരംഭിച്ച ഈ സർവ്വകലാശാലയ്ക്ക് യു.ജി.സി./എ.ഐ.സി.ടി.ഇ. അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിലും നിയമനങ്ങളൊന്നും നടത്തിയിട്ടില്ലെന്നും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് കേരളയിൽ പ്രവർത്തിക്കുന്ന അദ്ധ്യാപകർക്കാണ് അഡീഷണൽ ഡ്യൂട്ടി കൊടുത്തിട്ടുള്ളതെന്നും വിജ്ഞാനമേഖലയിൽ തുടർച്ചയായുണ്ടാകുന്ന മാറ്റങ്ങൾക്കനുസരിച്ച് അപ്ഡേറ്റ് ചെയ്യാനുള്ള കോഴ്സുകൾകൂടി ഈ സർവ്വകലാശാലയിൽ വിഭാവനം ചെയ്തിട്ടുണ്ടെന്നും നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി വ്യക്തമാക്കി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുംപ്രകാരം റൂളിംഗ് നൽകി +.

"ഒരു ബിൽ സഭയിൽ അവതരിപ്പിക്കുമ്പോൾ ക്രമപ്രശ്നമായോ

+ XVKLA/II Session Vol.185 Report No.15 dated 11-08-2021

തടസ്സവാദമായോ ഉന്നയിക്കാറുള്ളത് പ്രസ്തുത ബിൽ പരിഗണിക്കാൻ സഭയ്ക്ക് ഭരണഘടനാപരമായ അധികാരമുണ്ടോയെന്നും ബില്ലിന്റെ ഘടനയിൽ നിർബന്ധമായും ഉണ്ടാകേണ്ട ഘടകങ്ങൾ ചേർത്തിട്ടുണ്ടോയെന്നും അവ പര്യാപ്തമാണോയെന്നുമുള്ള കാര്യങ്ങളെ സംബന്ധിച്ചാണ്. മറ്റ് കാര്യങ്ങൾ ബില്ലിന്റെ വിശദമായ പരിഗണനാവേളയിൽ ബന്ധപ്പെട്ട കമ്മിറ്റിയിലും പിന്നീട് സഭാതലത്തിലും പരിഗണിച്ച് യുക്തമായ തീരുമാനം കൈക്കൊള്ളുന്നതാണ് കീഴ്വഴക്കവും നടപടിക്രമവും. അതുകൊണ്ടുതന്നെ ബില്ലിന്റെ അവതരണവേളയിൽ അതിലെ ഉള്ളടക്കത്തെക്കുറിച്ച് ഉന്നയിച്ച ക്രമപ്രശ്നങ്ങൾ നിലനിൽക്കുന്നതല്ല.

ബില്ലിൽ അവശ്യം ചേർത്തിരിക്കേണ്ട ധനകാര്യ മെമ്മോറാണ്ടത്തെ സംബന്ധിച്ച് സഭയിൽ ഉയർന്നിട്ടുള്ള ആക്ഷേപങ്ങളിൽ വ്യത്യസ്തങ്ങളായ റൂളിംഗുകൾ ഉണ്ടായിട്ടുണ്ട്. ബില്ലിൽ ഫിനാൻഷ്യൽ മെമ്മോറാണ്ടമോ ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ എക്സ്പെൻഡിച്ചറോ പറഞ്ഞില്ലെങ്കിലും ബില്ലിന്റെ അവതരണം ഓർഡറിലാണെന്നും ബില്ലിൽ റെക്കറിംഗ് ആൻഡ് നോൺ-റെക്കറിംഗ് എക്സ്പെൻഡിച്ചർ വ്യക്തമായി ധനകാര്യ മെമ്മോറാണ്ടത്തിൽ കാണിച്ചിരിക്കണമെന്നും റൂളിംഗ് ഉണ്ടായിട്ടുണ്ട്.

ബില്ലിന് രൂപം നൽകുമ്പോൾത്തന്നെ പ്രസ്തുത ബില്ലിലെ വ്യവസ്ഥകൾ നടപ്പാക്കുമ്പോൾ രൂപപ്പെടാവുന്ന ആവർത്തകവും അനാവർത്തകവുമായ ചെലവുകളെ സംബന്ധിച്ച് വ്യക്തതയോടെ ധനകാര്യ മെമ്മോറാണ്ടത്തിൽ ചേർക്കുകയാണ് ചെയ്യുന്നത്.

നിയമസഭ പാസ്സാക്കിയ 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ബില്ലിന്റെ ധനകാര്യ മെമ്മൊറാണ്ടത്തിൽ ആവർത്തകവും അനാകവർത്തകവുമായ ചെലവുകളെ സംബന്ധിച്ച് പരാമർശിച്ചിരുന്നു. ബില്ലുകളിലെ ധനകാര്യ മെമ്മോറാണ്ടത്തെ സംബന്ധിച്ച് അത്തരം മാതൃക സ്വീകരിക്കുന്നതായിരിക്കും ഉചിതം. ആയതിനാൽ തടസ്സവാദങ്ങൾ നിലനിൽക്കുന്നതല്ല.

*********